# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5457

25-10-2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

# ഡാമിന്റെ കാച്ച്മെന്റ് ഏരിയയിൽ താമസിക്കുന്നവർക്കു പട്ടയം

| ചോദ്യം<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. പാലോട് രവി<br>ശ്രീ. അൻവർ സാദത്ത് | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ) കേരളത്തിൽ ഡാമുകളുടെ കാച്ച്മെന്റ് ഏരിയയിൽ താമസിക്കുന്ന ആളുകൾ പട്ടയമില്ലാതെയും കൈവശരേഖ ഇല്ലാതെയും ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഏതൊക്കെ ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ പ്രദേശങ്ങളിലാണ് മേൽപ്പറഞ്ഞ രീതിയിൽ പട്ടയവും കൈവശരേഖയും ഇല്ലാതെ ആളുകൾ താമസിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) 1) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ അഞ്ചുചങ്ങല പ്രദേശം<br>2) കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ തിങ്കൾക്കരിക്കകം വില്ലേജിലെ സാംനഗർ കോളനി, തെന്മല വില്ലേജിലെ തെന്മല ലേബർ കോളനി.<br>3) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിലെ ഡാമുകളുടെ കാച്ച്മെന്റ് ഏരിയ<br>4) എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ, കീരമ്പാറ, പിണ്ടിമന വില്ലേജുകൾ<br>5) തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ പീച്ചി, കിള്ളന്നൂർ വില്ലേജുകളിലെ പീച്ചി, പൂമംഗലം ഡാമുകളുടേയും മുകുന്ദപുരം താലൂക്കിലെ പരിയാരം, വരന്തരപ്പിള്ളി എന്നീ വില്ലേജുക- |

| | |
|---|---|
| | ളിൽപ്പെട്ട പെരിങ്ങൽകുത്ത് ചിമ്മിനി ഡാമുകളുടെയും ക്യാച്ച്മെന്റ് ഏരിയാ<br>6) വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ മുട്ടിൽനോർത്ത് വില്ലേജിൽ കാരാപ്പുഴ പദ്ധതി പ്രദേശം |
| (സി) ഇവർക്ക് പട്ടയം/കൈവശരേഖ നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | സി) സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ അഞ്ചുചങ്ങല പ്രദേശത്ത് കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾ ലഭിച്ചാൽ മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. ഇതിനായി ഈ പ്രദേശത്ത് സ്പെഷ്യൽ ഓഫീസ് പ്രവർത്തിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ തിങ്കൾക്കരിക്കകം വില്ലേജിൽ പുനരധിവസിപ്പിച്ചിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിനായി പ്രസ്തുത ഭൂമി വനം വകുപ്പിൽ നിന്ന് വിട്ടുകിട്ടേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.ഐ.പി. കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി പ്രസ്തുത സ്ഥലം വനം- റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇടുക്കി

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിലെ ക്യാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്നവർക്ക് പട്ടയം /കൈവശരേഖ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

എറണാകുളം

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ ക്യാച്ച്മെന്റ് ഏരിയകൾ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലായതിനാൽ പ്രസ്തുത വകുപ്പിന്റെ സമ്മതപത്രം ലഭ്യമാക്കി കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെയും മുകുന്ദപുരം താലൂക്കിലെയും പീച്ചി, പൂമംഗലം, പെരിങ്ങൽകുത്ത്, ചിമ്മിനി ഡാമുകളുടെ പ്രദേശത്ത് താമസിക്കുന്നവർക്ക് പ്രസ്തുത ഭൂമിയുടെ പട്ടയം നൽകുന്നതിന് വന സംരക്ഷണ നിയമ പ്രകാരം കേന്ദ്ര അനുമതി ആവശ്യമുണ്ട് . പ്രസ്തുത അംഗീകാരം ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട്

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ മുട്ടിൽനോർത്ത് വില്ലേജിൽ കാരാപ്പുഴ പദ്ധതി പ്രദേശം കൈയ്യേറി താമസിച്ചുവരുന്നയാൾക്ക് കൈവശരേഖ നൽകുന്നതിന് നിയമാനുസരണ നടപടികൾ സ്വീകരിച്ചുവരുന്നു.